


# യു.എസ്. ട്രിബ്യൂൺ

Edifying, Defining And Inspiring Ordinary Individuals to Become Extraordinary Ones

US TRIBUNE
A LEADING INDO-ASIAN NEWS PAPER

VOL. No.2 ISSUE NO.9

SUBSCRIPTION $ 50 YEARLY

US EDITION
2014
AUGUST











LEADING [ INSIDE ] STORIES


PAGE 3
The Indian Pentecostal Church of God Kerala

PAGE 4

"കേൾക്കുക,കാണുക, നിശബ്ദരാകുക"

PAGE 8

ആത്മീയ പുരോഗതി എങ്ങനെ ലഭ്യമാക്കാം.?


# ലോകം യുദ്ധമുനമ്പിൽ; രാഷ്ട്രങ്ങൾ പരിഭ്രാന്തിയിൽ

**വിമാനത്തിൽ യാത്ര ചെയ്യുവാൻ ജനങ്ങൾ ആശങ്കയിൽ!**
**രാഷ്ട്രങ്ങളിലെ വൻശക്തികൾ തമ്മിലുള്ള ബന്ധത്തിൽ ഉലച്ചിൽ!**
**ഇസ്രയേൽ –ഗാസാ യുദ്ധം ഭീതിയുടെ നിഴലിൽ!**
**ചൈനയും ഇന്ത്യയും വികസനത്തിൽ മുമ്പിൽ!**

ന്യൂയോർക്ക്: വീണ്ടുമൊരു ലോക മഹായുദ്ധത്തിന്റെ സൂചനകൾ നൽകി യുദ്ധങ്ങളുടെ എണ്ണം അതിഭയാനകമായി വർദ്ധിച്ചതോടെ ലോകം കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. പ്രത്യേകിച്ച് മലേഷ്യൻ വിമാനത്തെ റഷ്യൻ വിമതർ തകർത്തതോടെ അമേരിക്കൻ റഷ്യൻ പോരാട്ടത്തിലേക്ക് അതു നീങ്ങാനുള്ള സൂചനയും തെളിയുന്നു. ഇതിനുപുറമെ നിലവിൽ റുവാണ്ട മുതൽ പാലസ്തീൻ വരെ 61 രാജ്യങ്ങളിലാണ് പ്രധാനമായും യുദ്ധം നടക്കുന്നത്. ഇതിൽ ബഹുഭൂരിപക്ഷവും ആഭ്യന്തര യുദ്ധങ്ങളാണ്. ലോകത്തിലെ അണ്വായുധ ശക്തികൾ ഈ യുദ്ധമുഖങ്ങളിലെല്ലാം ചേരി തിരിഞ്ഞു നില്ക്കുന്നുവെന്നതും ഗൗരവതരമാണ്. പ്രത്യേകിച്ച് മിഡിൽ ഈസ്റ്റിലെ പോരാട്ടം ശക്തമാകുമ്പോൾ അമേരിക്കൻ നിലപാടുകൾക്കെതിരെയാണ് ചൈനയും റഷ്യയും രംഗത്തു വന്നിരിക്കുന്നത്. പാലസ്തീനിലും ഇറാക്കിലും സിറിയയിലും പോരാട്ടം കനത്തിരിക്കുന്നു. നൂറുകണക്കിനാളുകളാണ് ശക്തമായ പോരാട്ടങ്ങളിൽ കൊല്ലപ്പെടുന്നത്. ഈ പ്രശ്നങ്ങളിൽ ലോകത്തിലെ സൂപ്പർ ശക്തികൾ രണ്ടു വശത്തായി അണിനിരന്നിരിക്കുന്നുവെന്നത് വരും നാളുകളിൽ ഉയരാനിടയുള്ള മഹായുദ്ധങ്ങളെക്കുറിച്ചുള്ള സൂചനകളാണ് നല്കുന്നത്.

ഉൾപേജിൽ തുടർച്ച


*ഗാസയിൽ സൈന്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന ഇസ്രായലി പൗരൻ*

## കേരളത്തിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കേരളത്തിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നു. സർക്കാരിന്റെ കടക്കെണിയോടൊപ്പം തന്നെ റബ്ബറിന്റെ വിലയിടിവും, പച്ചക്കറികളുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും വിലയും കുതിച്ചു കയറുകയാണ്. റബ്ബറിന്റെ വിലയിടിവാണ് സാധാരണക്കാരുടെ ജീവിതം ദുസ്സഹനീയമായി മാറിയത്. കൂടാതെ കാലവർഷവുമായതിനാൽ പകർച്ച വ്യാധികളും മറ്റു രോഗങ്ങൾ വേറെയും. പ്രമുഖ വ്യാപാര സ്ഥാപനങ്ങളിൽ വിൽപ്പന അമ്പതു ശതമാനത്തിൽ താഴെയായി. ഓണം ആകുമ്പോഴേക്കും മാറ്റം വരുമെന്നാണ് വ്യാപാരികൾ കരുതുന്നത്.

## മാർത്തോമ്മാ ദേശീയ സമ്മേളനം ആരംഭിച്ചു



ഷിക്കാഗോ: 11–ാമത് മാർത്തോമ്മാ ദേശീയ സമ്മേളനം വിവിധ പരിപാടികളോടുകൂടി ഷിക്കാഗോ മാർത്തോമ്മാ ദേവാലയത്തിൽ വച്ച് ജൂലായ് 24മുതൽ 27 വരെ നടക്കും. ഇത് ആദ്യമായാണ് മാർത്തോമ്മ ദേവാലയം കോൺഫറൻസിനായി വേദിയായത്. ''ഷെയർ ദ വേൾഡ്, സേവ് ദ വേൾഡ്'' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. നോർത്ത് അമേരിക്ക – യൂറോപ്പ് ഭദ്രാസന എപ്പിസ്കോപ്പ അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ്, മുംബൈ ഭദ്രാസനാധിപൻ അഭി. ഡോ. എബ്രാഹം മാർ പൗലോസുമാണ് ഈ വർഷത്തെ കോൺഫറൻസിനു നേതൃത്വം നൽകിയിരിക്കുന്നത്. വിവിധ ഇടവകകളിൽ നിന്നുമായി വൈദികരും സഭാവിശ്വാസികളുമായി 360 ൽ പരം അംഗങ്ങൾ കോൺഫറൻസിൽ ഉണ്ടാകും.





ONGOING PROJECTS AT CALICUT
READY TO OCCUPY IN KANNUR & PERINTHALMANNA
COMMING SOON TO: TRIVANDRUM, KOCHI, THRISSUR

India: +91 960 500 0916, Dubai: +971 55230 1916

www.malabardevelopers.com | E-mail: sales@malabardevelopers.com

Administrative Office: Malabar Developers, Malabar Gate, Ram Mohan Road, Calicut - 4

# മയക്കുമരുന്നു മാഫിയാ കെണികളുമായി ക്യാമ്പസ്

സ്വന്തം ലേഖകൻ.

ന്യുയോർക്ക് : യുവജനങ്ങളെ മയക്കുമരുന്നിന്റെ ഉപഭോക്താക്കൾ ആക്കുവാൻ വൻ മാഫിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമീപം പ്രവർത്തിക്കുന്നതായി യു.എസ്. ട്രിബ്യൂൺ നടത്തിയ പഠനം വ്യക്തമാക്കുന്നു. അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിലെ കാമ്പസുകളിൽ പഠിക്കുകയും അവിടെ പഠിച്ചിറങ്ങിയ കുട്ടികളിൽ യു.എസ്. ട്രിബ്യൂൺ ഗ്യാലപ്പോൾ വിഭാഗം നടത്തിയ അഭിപ്രായ സർവേയിലാണ് ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തായത്. പ്രവാസികളായ ഇന്ത്യാക്കാരുടെ തലമുറകളാണ് ഈ ചതിക്കുഴിയിൽ അകപ്പെടുന്നവരിൽ ഭൂരിഭാഗവും. അമേരിക്കയിൽ കുടിയേറിപാർക്കുന്ന ഇന്ത്യൻ സമൂഹത്തിൽ എഴുപതു ശതമാനത്തിലധികം കുടുംബങ്ങൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻപന്തിയിലാണ്. കഠിനാദ്ധ്വാനികളായ ഇന്ത്യൻ മാതാപിതാക്കൾ പണ സമ്പാദനത്തിനായി അവരുടെ പ്രവർത്തനമേഖലയിൽ കൂടുതൽ സമയം ചെലവഴിക്കുന്നതുകൊണ്ട് കുട്ടികളുമായി ഇടപഴകുന്നതിനുള്ള സമയം തുലോം കുറവാണ്. കൂടാതെ കൗമാരക്കാരുടെ സാമൂഹികബന്ധങ്ങൾ എന്തെന്നും ഭൂരിഭാഗം മാതാപിതാക്കളും ശ്രദ്ധിക്കാറില്ല. ഇത് ഒരു മുഖ്യകാരണമായി സർവേയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

# ഫിലാഡൽഫിയാ സീറോ മലബാർ പള്ളിയിൽ വിവാഹ ഒരുക്ക സെമിനാർ

ഫിലാഡൽഫിയാ: വരുന്ന രണ്ടു മൂന്നു വർഷത്തിനുള്ളിൽ വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവതി യുവാക്കൾക്കവേണ്ടി ഫിലാഡൽഫിയായിലെ സെന്റ് തോമസ് സീറോ മലബാർ ഫൊറോന ദേവാലയത്തിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തുന്നു. 2014 ആഗസ്റ്റ് 8 മുതൽ 10 വരെയാണ് പരിശിലനപരിപാടികൾ ക്രമികരിച്ചിരിക്കുന്നത്. ഉദ്യോഗസ്ഥരായ യുവാക്കൾക്കും യുവതികൾക്കും അവധിയെടുക്കാതെ പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കും. 8-ാംതീയതി വെള്ളിയാഴ്ച വൈകുന്നരം 6 -9 വരെയും, 9- ാംതീയതി ശനിയാഴ്ച രാവിലെ 10 - 5 വരെയും , 10-ാംതീയതി ഞായറാഴ്ച 10-4 വരെയും ആയിരിക്കും സമയം. വൈദികരും, സന്യസ്തരും, മെഡിക്കൽ രംഗത്തുള്ളവരും കാൺസിലിങ്ങ് വിദഗ്ധരുമാണ് ക്ലാസുകൾ നയിക്കുന്നത്. പെൻസിൽവേനിയ, ന്യജേഴ്സി,ന്യുയോർക്ക്, ഡെലവെയർ, മെറിലാൻഡ് എന്നീ സംസ്ഥാനങ്ങളിലുള്ളവർക്ക് ഡ്രൈവ് ചെയ്തു വന്ന് ക്ലാസിൽ പങ്കെടുക്കാൻ സാധിക്കും. 150 ഡോളർ ആണ് കോഴ്സ് ഫീസ്. താല്പര്യമുള്ളവർ അപേക്ഷകൾ പൂരിപ്പിച്ച് പാരീഷ് ഓഫീസിൽ എല്പിക്കണം. ഈ മെയിലായോ ഫാക്സ് വഴിയോ അപേക്ഷ നൽകാം.

കൂടുതൽ വിവരങ്ങൾക്ക്:
Email:frjohnyg@gmail.com
St Thomas Syro Malabar Forane Church
608 Welsh Road, Phila Pa 19115
office : 215 464 4008, Fax: 215 464 4055
www.syromalabarphila.org.
Biju Joseph: 215 817 5773
Vincent Emmaneuel: 215 880 3341
Tom Pattani : 267 456 7850

# ലൈഫ് ചേഞ്ച് ഫൗണ്ടേഷൻ മിനിസ്ട്രിയിലേക്ക് സ്വാഗതം

ലൈഫ് ചേഞ്ചിങ്ങ് ഫൗണ്ടേഷൻ അമേരിക്കയിലെ പെൻസിൽവേനിയ സ്റ്റേറ്റിൽ ഫിലാഡൽഫിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ മിഷൻ സംഘടനയാണ്. ഇന്തോ-എഷ്യൻ സമൂഹത്തിനു വേണ്ടി ജീവകാരുണ്യ പ്രവർത്തനങ്ങളും, ക്രൈസ്തവ അടിസ്ഥാനത്തിലുള്ള ആത്മീയ സുവിശേഷ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്നു. അമേരിക്കയിലും ഇന്ത്യൻ ഏഷ്യൻ സമൂഹത്തിലും നിരവധി സാമൂഹിക പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നത്. ഇന്ത്യയിൽ സാമൂഹിക, വിദ്യാഭ്യാസ, സുവിശേഷ മേഖലകളിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ ലൈഫ് ചേഞ്ച് ഫൗണ്ടേഷന്റെ സഹോദരസ്ഥാപനമായ സെർവ് ഇന്ത്യാ എന്ന രജിസ്ട്രേർഡ് സംഘടനയുടെ നേതൃത്വത്തിലാണ് കേരളത്തിലും മറ്റ് നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിലും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്. നിർദ്ദനരും, സാധുക്കളുമായ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ, മോട്ടിവേഷനൽ ട്രെയിനിങ്ങ്, സാന്ത്വന ഹോമുകൾ, മദ്യപാനത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ മടക്കിക്കൊണ്ടുവരുവാനുള്ള കൗൺസിലിംഗ് സെന്ററുകൾ തുടങ്ങിയവ ഈ പ്രവർത്തനത്തിന്റ ഭാഗങ്ങളാണ്. അമേരിക്കയിലെ ഇന്ത്യൻ കുടുംബങ്ങൾക്കുവേണ്ടി പ്രത്യേകിച്ച് യുവജനങ്ങൾക്കുവേണ്ടിയും, മാനസിക, സാമൂഹിക പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന വ്യക്തികൾക്കുവേണ്ടി കൗൺസിലിംഗും മറ്റു സഹായങ്ങളും ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങളിൽ പങ്കാളിത്വം വഹിക്കാനും, അമേരിക്കയിലെയും ഇന്ത്യയിലെയും ആത്മീയ പ്രവർത്തനങ്ങളിൽ സഹകരിക്കുവാനും സഹായിക്കുവാനും താല്പര്യമുള്ളവർ ഞങ്ങളുമായി ബന്ധപ്പെടുക. ലൈഫ് ചേഞ്ചിങ്ങ് ഫൗണ്ടേഷനും, സെർവ് ഇന്ത്യയും, അമേരിക്കയിലും, ഇന്ത്യയിലും, അംഗീകൃത രജിസ്ട്രേർഡ് നോൺ പ്രോഫിറ്റ് ഓർഗനൈസേഷൻ ആണ്. കൗൺസിലിംഗിനും, മോട്ടിവേഷനൽ ട്രെയിനിങ്ങിനും വേണ്ടി പ്രശസ്തരായ ഡോക്ടർമാർ അടങ്ങിയ ടീം, ഫിലാഡൽഫിയയിലും, ടെക്സസിലെ ആർലിങ്ങ്ടണിലും, കേരളത്തിൽ കോട്ടയത്തും, തിരുവനന്തപുരത്തും പ്രവർത്തിച്ചുവരുന്നു.

നിങ്ങൾക്കു ഞങ്ങളെ എങ്ങനെ സഹായിക്കാം?. ഇന്ത്യയിൽ വിവിധ ഗ്രാമങ്ങളിൽ ആത്മാക്കളെ നേടുവാൻ മിഷൻ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുകയും ഒരു മിഷനറിയെ സ്പോൺസർ ചെയ്യുകയും ചെയ്യുക. നിങ്ങളുടെ കുട്ടിയോടൊപ്പംതന്നെ നിർദ്ദനരായ കുട്ടിയെ സഹായിക്കുക. നമുക്ക് കടന്നുചെല്ലുവാൻ കഴിയാത്ത മേഖലകളിൽ സുവിശേഷപ്രവർത്തകരെ എത്തിച്ചുകൊടുക്കുക. ലിറ്ററേച്ചർ പ്രവർത്തനങ്ങളിൽ സഹായിക്കുക, സ്റ്റേറ്റുകളിൽ വോളന്റിയർമാരായി സേവനം ചെയ്യുക.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:-
Dr. Shiny Mathew, Director, Ph. , 281 848 9544.
Varghese Mathew , Chief -in-operations , Ph.215 544 1233.
Lidiya Paul - Public relations , Ph. 215 882 2385.
Thankamma John, Kerala, Ph. 918547291809












# US TRIBUNE

ESTD: 1996

Edifying Defining And Inspiring Ordinary Individuals to Become Extraordinary Ones



2014
AUGUST

Indo Asian Newspaper

SUPPLEMENT





# വിശ്വാസത്തിനുവേണ്ടി നിലനിന്ന പിതാക്കന്മാരുടെ തലമുറ

**സ്വന്തം ലേഖകൻ**

1924ൽ പരേതനായ കർത്താവിൽ പ്രസിദ്ധനായ പാസ്റ്റർ കെ.ഇ. എബ്രാഹാമിനാൽ സ്ഥാപിതമായ ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ കേരളത്തിലെ പ്രഥമ പെന്തക്കോസ്ത് പ്രസ്ഥാനമാണ്. കേരളത്തിലും ,ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും, അമേരിക്കയിലും, യൂറോപ്പിലും, ഗൾഫ് രാജ്യങ്ങളിലും മറ്റു വിദേശ രാജ്യങ്ങളിലും നിരവധി സഭകൾ ഉണ്ട്. 906 ൽ 7-ാം വയസ്സിൽ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ച ബാലനായ എബ്രാഹം, അമേരിക്കൻ മിഷനറിമാർ ഇന്ത്യയിൽ വാരിവിതറിയ പരിശുദ്ധാത്മാവിനെക്കുറിച്ചും, വിശ്വാസ സ്നാനത്തെക്കുറിച്ചും നടത്തിയ പഠിപ്പിക്കലുകളും ട്രാക്റ്റുകളും ഏറെ സ്വാധീനിക്കപ്പെടുകയും അതിൽ ആകൃഷ്ടനായ കെ.ഇ. എബ്രാഹം 1917 ൽ വലിയ ഒരു സമൂഹത്തെ സാക്ഷിയാക്കിക്കൊണ്ട് മഹാകവി കെ.വി സൈമണിന്റെ കൈക്കീഴിൽ വിശ്വാസ സ്നാനം സ്വീകരിച്ചു. 1920 ൽ മുളക്കുഴയിൽ യുവാവായ കെ.ഇ. എബ്രാഹം ആരംഭിച്ച പ്രാർത്ഥനാകൂട്ടം ഇന്ന് പതിനായിരത്തിലധികം ആരാധനാകൂട്ടങ്ങളുള്ള പ്രമുഖ പെന്തക്കോസ്ത് പ്രസ്ഥാനമായി മാറ്റപ്പെട്ടു.

യാക്കോബായ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ട കെ.ഇ. എബ്രാഹം പാരമ്പര്യ വിശ്വാസത്തിൽ നിന്ന് വേർപെട്ട വിശ്വാസ വഴിയിലേക്ക് അദ്ദേഹം പ്രാപിച്ച പരിശുദ്ധാത്മ അഭിഷേക ത്തിലൂടെ കേരളത്തിൽ നിന്നു വിവിധ സ്റ്റേറ്റുകളിലേക്കും അത് പിന്നെ വിദേശ രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുവാൻ ദൈവം കെ.ഇ. എബ്രാഹാമിനെ നിയോഗിച്ചു. അദ്ദേഹത്തോടൊപ്പം ശക്തമായി ശോഭിച്ച ദൈവഭൃത്യന്മാരായിരുന്നു, പാസ്റ്റർ കെ.സി. ചെറിയാൻ മെഴുവേലിൽ, പാസ്റ്റർ കെ.സി. ചെറിയാൻ വെട്ടിയാർ, പാസ്റ്റർ പി.എം. സാമുവേൽ കീക്കൊഴൂർ, കെ.സി ഉമ്മൻ കുമ്പനാട്ട്, കെ. എം.സഖറിയ പുന്നക്കാട്ട്, പാസ്റ്റർ എ.ജെ. ജോൺ. പാസ്റ്റർ പി.റ്റി. മാത്യു, പാസ്റ്റർ കൊച്ചുകുഞ്ഞു സന്യാസി, പാസ്റ്റർ എം.ഇ. ചാക്കോ, പാസ്റ്റർ വി.റ്റി. തോമസ്, പാസ്റ്റർ ടി.ജി. ഉമ്മൻ, പാസ്റ്റർ റ്റി. എൻ എബ്രാഹം, പാസ്റ്റർ ടി.ടി. വർഗീസ്, പാസ്റ്റർ പി.കെ. ചാക്കോ, പാസ്റ്റർ പി.എം. ഫിലിപ്പ്, പാസ്റ്റർ ഫിലിപ്പ് എബ്രാഹം, പാസ്റ്റർ റ്റി. കെ. തോമസ്, പാസ്റ്റർ എ. എൻ. മാത്യു, പാസ്റ്റർ കെ. ജെ. സാമുവൽ, പാസ്റ്റർ ഉമ്മൻ എബ്രാഹം, പാസ്റ്റർ ജോർജ് വർഗീസ്, പാസ്റ്റർ പി.എൽ പരംജ്യോതി, പാസ്റ്റർ സി.കെ. ദാനിയേൽ, പാസ്റ്റർ പി.ജെ. തോമസ് തുടങ്ങിയവർ.

പാരമ്പര്യ വിശ്വാസത്തിൽനിന്നും വേർപെട്ട വിശ്വാസത്തിലേക്ക് പോയതിന്റെ പേരിൽ നിരവധി പീഡകൾ ഈ ദൈവഭക്തന്മാരും അവരുടെ കുടുംബങ്ങളും സഹിക്കേണ്ടിവന്നു. സ്വന്തം രക്തബന്ധങ്ങളുടെ പരിഹാസവും ഒറ്റപ്പെടുത്തലുകളും സ്വന്തം കുടുംബത്തിൽനിന്ന് എല്ലാം വിട്ടെറിഞ്ഞ് പോകേണ്ടിവന്നിട്ടും ദൈവകല്പന അനുസരിച്ചതിന്റെ ഫലമായി ഏറെ പകക്കപ്പെട്ട ഈ ദൈവപുരുഷന്മാർ വിശ്വാസ പ്രമാണത്തിനു വേണ്ടി ഉറച്ചു നിൽക്കുകയും, പിൻപറ്റിയ ദൈവവചനത്തെയും ദൈവകൽപ്പനകളെയും അനുസരിച്ചുകൊണ്ടും പട്ടിണിയും വേദനയും സഹിച്ചുകൊണ്ട് ദൈവകൃപയിൽ നിൽക്കുവാൻ അവർക്ക് സാധിച്ചു. അതിന്റെ ഫലമായി 100 വർഷങ്ങൾ ആകുമ്പോഴേക്കും ആയിരക്കണക്കിനു വിശ്വാസികളുള്ള മഹാപ്രസ്ഥാനമായി മാറുവാൻ ദൈവം അത്ഭുതകരമായി അവരെ ഉപയോഗിച്ചു എന്നുള്ളതാണ് ചരിത്രം നൽകുന്ന പാഠം. വിശ്വാസത്തിനുവേണ്ടി നിലനിന്നതുകൊണ്ട്, മക്കളുടെ വിവാഹം നടക്കില്ലെന്നും അവരുടെ തലമുറകൾ രക്ഷപ്പെടില്ലന്നും പരിഹസിച്ച രക്തബന്ധങ്ങളുടെ നടുവിൽ അവരുടെ ചിന്തക്ക് അന്തമില്ലാത്ത തരത്തിൽ ആത്മീയമായും, ഭൗതിക, വിദ്യാഭ്യാസ, സാമൂഹികപരമായും ഇവരുടെ തലമുറ അനുഗ്രഹിക്കപ്പെട്ടു. ഈ പിതാക്കന്മാരുടെ രണ്ടും, മൂന്നും, നാലും തലമുറകളാണ് ഇന്ന് ലോകത്തിന്റെ വിവിധ കോണുകളിൽ ക്രൈസ്തവ സാക്ഷികളായി നിലകൊള്ളുന്നത്.



*കെ.ഇ. എബ്രാഹം*

> യാക്കോബായ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ട കെ.ഇ. എബ്രാഹം പാരമ്പര്യ വിശ്വാസത്തിൽനിന്ന് വേർപെട്ട വിശ്വാസ വഴിയിലേക്ക് അദ്ദേഹം പ്രാപിച്ച പരിശുദ്ധാത്മ അഭിഷേകത്തിലൂടെ കേരളത്തിൽ നിന്നു വിവിധ സ്റ്റേറ്റുകളിലേക്കും അത് പിന്നെ വിദേശ രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുവാൻ ദൈവം കെ.ഇ. എബ്രാഹാമിനെ നിയോഗിച്ചു.



Pastor K C Cherian | Pastor Philip Abraham | Pastor A N Mathew | Pastor Abraham Samuel | Pastor C K Daniel | Pastor George Varghese | Pastor K C Oommen | Pastor K J Samuel

Pastor M V Chacko | Pastor Oommen Abraham | Pastor P J Thomas | Pastor P K Chacko | Pastor P M Philip | Pastor P M Philip | Pastor P M Samuel | Pastor P T Varughese

# ആത്മമാരിക്കായി ഹൂസ്റ്റൺ ഒരുങ്ങി




ഹൂസ്റ്റൺ :മലയാളി പെന്തെക്കോസ്തരുടെ ഏറ്റവും വലിയ ആത്മീയ പ്രസ്ഥാനമാണ് ഇന്ത്യാ പെന്തെക്കോസ്ത് ദൈവ സഭ. കേരളത്തിൽ ആരംഭിച്ച് തദ്ദേശീയരായ ദൈവമക്കൾ ഉപജീവനാർത്ഥം കുടിയേറി പാർത്തിടത്തൊക്കെ ഐ.പി.സി.ക്ക് സഭകളുണ്ടായി. അങ്ങനെ വടക്കേ അമേരിക്കൻ മേഖലയിലുള്ള ഐ. പി. സി. സഭാംഗങ്ങൾക്ക് ഒരുമിക്കുവാൻ ഒരു വേദിയുണ്ടായി.

12-ാമത് സമ്മേളനത്തിന് 2014 ജൂലൈ 24 -27 വരെ ഹൂസ്റ്റണിലെ ക്രൗൺ പ്ലാസാ വേദിയാവുകയാണ്. """ക്രിസ്തുവിൽ ജയാളികൾ'' എന്ന തീമിനെ ആധാരമാക്കിയുള്ള ദൈവവചന പ്രഘോഷണം പ്രഗത്ഭരായ ദൈവദാസന്മാരിൽ നിന്ന് കേൾക്കാം.

2014-ൽ ഹൂസ്റ്റണിൽ നടക്കുന്ന കോൺഫ്രൻസിൽ ഡോ.ഏബ്രഹാം ചാക്കോ കൺവീനറായും, സെക്രട്ടറിയായി രാജു പൊന്നോലിലും, ട്രഷററായി ചാക്കോ സ്റ്റീഫനും, യൂത്ത് കോർഡിനേറ്ററായി ഏബ്രഹാം എം.ജോർജ്ജ്, ലേഡീസ് കോർഡിനേറ്ററായി ബീനാ നൈനാൻ പ്രവർത്തിക്കുന്നു. പട്ടിണിയും പരിവട്ടവും കൊടികുത്തി വാഴുക മൂലം നിത്യവൃത്തിക്കായുള്ള വകക്ക് നട്ടം തിരിഞ്ഞപ്പോഴും, സ്വർഗ്ഗീയ പിതാവിന്റെ നാമം മാത്രം ഉയർത്തിപ്പിടിച്ച നമ്മുടെ പിതാക്കന്മാർ മലങ്കരയിലെ ഗ്രാമങ്ങളിൽ കത്തിച്ച സുവിശേഷത്തിന്റെ ദീപശിഖ തലമുറക്ക് കൈമാറാനായത് ഭാഗ്യകരമാണ്.


പേജ് 4 ൽ തുടർച്ച




CONVENER: REV. ABRAHAM KAITHOLIL | SECRETARY: RAJU PONNOLIL | TREASURER: CHACKO STEPHEN | YOUTH COORDINATOR: ABRAHAM M GEORGE | LADIES COORDINATOR: BEENA NINAN


Sebastian Maliakkal
REALTOR Broker Associate
sebmaliakkal@yahoo.com

REALM
Real Estate Professionals

EQUAL HOUSING OPPORTUNITY
MLS

14090 S.W. Fwy, Ste # 102
Sugar Land, TX 77478
License # 0570299
sebastian.maliakkal@realmpro.com



Ph: 832-213-7087
Fax: 281-377-7279

GOOD PEOPLE DOING THE RIGHT THING




Kerala Gardens Development Project Arial View

140 Villas
120 Acres
100 Town House
CLUB / SWIMMING / GYM
SPORTS / BASKET / GOLF COURSE





We Proudly launches a new Gated Retirement Community called "Kerala Gardens", where you will experience what real Southern Hospitality truly is. To meet a long felt need we are planning to build the community on a 114 acres land with a natural lake and creek in Winder, Georgia. Greeneries, Lakes Hills, Valleys and Rivers add beauty for the nature lovers.

www.keralagardens.com

Kerala Gardens Developments LLC
1750 Tiruvalla court , , Statham, GA, 30666 , Email: info@keralagardens.com



വർഗ്ഗീസ് മാത്യു

## ആരുടെയെങ്കിലും സംസാരത്തിൽ ഇടയ്ക്ക് കയറി സംസാരിക്കുന്നത് വേണ്ടുവോളം മോശമായ സംഗതിയാണെങ്കിൽ, അറിഞ്ഞോ അറിയാതെയോ, വിഷയം മാറ്റുന്നത് തികച്ചും സംസ്കാര ശൂന്യമായ പ്രവൃത്തിയാകുന്നു!



# "കേൾക്കുക, കാണുക, നിശബ്ദരാകുക"

### ദേഹിയിലേക്കുള്ള മാർഗ്ഗം

നെതർലാന്റിൽ ഒരു ചൊല്ലുണ്ട് അതിന്റെ അർത്ഥം, ''കേൾക്കുക, കാണുക, നിശബ്ദരാകുക'' എന്നതാണ്. ഈ പാഠത്തിൽ ഈ വാക്കുകൾ വളരെ പ്രധാനപ്പെട്ടവയാകുന്നു. സദൃശവാക്യം 18:13-ൽ നമുക്ക് ഇങ്ങനെ വായിക്കുവാൻ കഴിയും. ''കേൾക്കും മുമ്പേ ഉത്തരം പറയുന്നവന് അത് ഭോഷത്വവും ലജ്ജയും ആയിത്തീരുന്നു''.

### ചോദ്യം: നാം ശ്രദ്ധിക്കുമ്പോൾ നാം കേൾക്കാറുണ്ടോ?

നമ്മിൽ ധാരാളം പേർക്ക് ശ്രദ്ധിക്കുക എന്നത് വളരെ പ്രയാസമുള്ള ഒരു ഏർപ്പാടാണ്. അപ്പോൾ പിന്നെ, ജനങ്ങൾ പറയുന്നത് കേൾക്കുക എന്നത് എത്രയോ ബുദ്ധിമുട്ടായിരിക്കും? വളരെ വർഷങ്ങൾക്കു മുമ്പ് യു.എസ്.എ.യിൽ ഒരു ആണവ ആക്രമണത്തെ കുറിച്ചുള്ള റേഡിയോ പ്രക്ഷേപണം ഉണ്ടായിരുന്നു. ജനങ്ങൾ ഈ പ്രക്ഷേപണം ശ്രദ്ധിച്ചു, എന്നാൽ പൂർണ്ണമായ സന്ദേശം കേട്ടില്ല. ആയതുകൊണ്ട്, റേഡിയോവിലൂടെ പ്രക്ഷേപണം ചെയ്ത ഒരു നാടകമായിരുന്നു അത് എന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. ഈ പ്രക്ഷേപണം ജനങ്ങൾക്കിടയിൽ ഒത്തിരി ഭീതി പരത്തുകയുണ്ടായി.

### 2. ശ്രവണമെന്ന കല

ആറ് പ്രധാനപ്പെട്ട ഗുണങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്

1. നിങ്ങൾ കൗൺസിൽ ചെയ്യുന്ന വ്യക്തിയുടെ കണ്ണുകളെ സൂക്ഷിച്ചു നോക്കുക. വ്യക്തിയെ ശരിക്കും നോക്കുക എന്നാൽ തറപ്പിച്ചു നോക്കരുത്. കണ്ണുകൾ മനസ്സിന്റെ കണ്ണാടിയാകുന്നു.

2. ചോദ്യങ്ങൾ ചോദിക്കുവാൻ ഒരിക്കലും ശങ്കിക്കരുത്. നമുക്കു മൂന്നുതരം ചോദ്യങ്ങളറിയാം.
1. അടഞ്ഞ ചോദ്യങ്ങൾ,
2. തുറന്ന ചോദ്യങ്ങൾ,
3. പിൻതുടരുന്ന ചോദ്യങ്ങൾ.

അടഞ്ഞ ചോദ്യങ്ങൾ മിക്കവാറും ആരംഭിക്കുന്നത്: ആര്? എവിടെ? എപ്പോൾ? ഇതിന്റെ ഉത്തരങ്ങൾ എല്ലായ്പ്പോഴും നമുക്ക് വസ്തുക്കളെ ആയിരിക്കും നൽകുന്നത്. ഉദാഹരണം: ''നിങ്ങൾക്ക് എത്ര വയസ്സായി?''

തുറന്ന ചോദ്യങ്ങൾ മിക്കവാറും ആരംഭിക്കുന്നത്: എന്ത്? എന്തുകൊണ്ട്? ഈ ചോദ്യങ്ങൾ മറ്റ് വ്യക്തിയെ കൂടുതൽ സംസാരിക്കുന്നതിനായി ക്ഷണിക്കുന്നു.

ഉദാഹരണത്തിന്: ''നിങ്ങൾ എങ്ങനെയാണ് ഈ ജോലി കണ്ടെത്തിയത്? എന്തുകൊണ്ടാണ് നിങ്ങൾ അവിടെ പോയത്? എന്തുകൊണ്ടാണ് നിങ്ങളെകുറിച്ച് എന്തെങ്കിലും എന്നോട് പറയാത്തത്?''

ഒരു വിഷയത്തെ കുറിച്ച് പിൻതുടരുന്ന ചോദ്യങ്ങൾ, കൂടുതൽ അറിവു നൽകാനും, തുടർന്ന് സംസാരിക്കാനും ഉള്ള ക്ഷണമാകുന്നു. ഉദാഹരണം: ''അതിനെകുറിച്ച് കുറച്ചു കൂടി എനിക്കു പറഞ്ഞു തരൂ''

3. നിങ്ങൾ കൗൺസിൽ ചെയ്യുന്ന വ്യക്തിക്ക് അവന്റെ / അവളുടെ അവകാശം അനുവദിക്കുക.

അവർ സംസാരിച്ച് അവസാനിപ്പിക്കുവാൻ അനുവദിക്കുക. നിങ്ങളുടെ അവസരത്തിനുവേണ്ടി കാത്തിരിക്കുക. ആരും തങ്ങളുടെ സംസാരത്തെ വെട്ടിച്ചുരുക്കാൻ ഇഷ്ടപ്പെടുകയില്ല.

4. വിഷയത്തിൽ നിന്ന് വഴുതി മാറരുത്

ആരുടെയെങ്കിലും സംസാരത്തിൽ ഇടയ്ക്ക് കയറി സംസാരിക്കുന്നത് വേണ്ടുവോളം മോശമായ സംഗതിയാണെങ്കിൽ, അറിഞ്ഞോ അറിയാതെയോ, വിഷയം മാറ്റുന്നത് തികച്ചും സംസ്കാര ശൂന്യമായ പ്രവൃത്തിയാകുന്നു!

5. നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുക.

ചിലപ്പോൾ മറ്റെ വ്യക്തി പറഞ്ഞ സംഗതി മൂലമോ, പറഞ്ഞ രീതികാരണമോ നമുക്ക് വികാരവിക്ഷോപം ഉണ്ടായേക്കാം. എന്നാൽ, കുപിതനാകരുത്. എല്ലാവർക്കും അവരവരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള അവകാശമുണ്ട്. അവർക്ക് പറയാനുള്ളത് പറയട്ടെ, എല്ലായ്പ്പോഴും സൗമ്യതയോടുകൂടി മറുപടി നൽകുക.

6. പ്രതികരണാത്മകമായ ശ്രദ്ധ

നിങ്ങളുടെ ഭാവംകൊണ്ട് മറ്റെ വ്യക്തിയെ നിങ്ങൾ യഥാർത്ഥത്തിൽ കേൾക്കുന്നുണ്ട് എന്ന് ബോധ്യപ്പെടുത്തുക. ഇതിനായി ഇടയ്ക്കിടെ തലയാട്ടുകയും, കുലുക്കുകയും ഒക്കെ ചെയ്യാം.

### ഒരു നല്ല ശ്രോതാവാകുവാൻ വേണ്ട 20 മാർഗ്ഗങ്ങൾ

1. ഒരേ സമയത്ത് സംസാരിക്കാനും ശ്രദ്ധിക്കാനും അഥവാ സംസാരിക്കാനും എഴുതാനും നിങ്ങൾക്ക് കഴിയുകയില്ല എന്നു ഓർമ്മിക്കണം. (നമുക്ക് ഇത് അറിയാമെങ്കിലും മിക്കവാറും ഈ തെറ്റ് വരുത്തുന്നു) സംഭാഷണം ഏറ്റെടുക്കുവാൻ രണ്ടാമൻ സംസാരത്തിനിടയിൽ ശ്വാസം എടുക്കുന്നത് കാത്തിരിക്കരുത്.

2. പ്രധാനപ്പെട്ട പോയിന്റുകളിലും വസ്തുക്കളിലും ഊന്നി നിൽക്കുക. കഥയുടെ ഇഴകൾ ശരിയാംവണ്ണം സൂക്ഷിക്കുവാൻ കേൾക്കുന്ന കാര്യങ്ങളുടെ രത്നച്ചുരുക്കം നിങ്ങളുടെ മനസ്സിൽ കൊണ്ടുവരുവാൻ ശ്രമിക്കുക. നിങ്ങൾ നന്നായി ശ്രവിക്കുമ്പോൾ, മറ്റെ വ്യക്തി വരുന്നത് എവിടെ നിന്നാണെന്ന് നിങ്ങൾക്കു മിക്കവാറും പ്രവചിക്കാൻ കഴിയും.

3. നിങ്ങളുടെ ഏറ്റവും ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് ബോധവാനായിരിക്കുക. ഒരു വാക്കു മതി സംഭാഷണത്തിൽ നിന്നും നിങ്ങളുടെ മുഴുവൻ ചിന്തയെയും വഴിതെറ്റിക്കുവാൻ. ഇങ്ങനെ സംഭവിച്ചാൽ കഥയുടെ മറ്റു ഭാഗം നിങ്ങൾ ശ്രവിക്കുകയില്ല. നമുക്കെല്ലാവർക്കും ഈ ബലഹീനതയുണ്ടല്ലോ.

4. പ്രകോപനമരുത്, ശബ്ദങ്ങൾ നിങ്ങളെ ശല്യപ്പെടുത്താൻ പോന്നതാണ്. വളരെ അടുത്ത ശ്രദ്ധയോടുകൂടി ശ്രവിച്ചുകൊണ്ടേയിരിക്കുക.

5. വൈകാരികമായ ഇടപെടൽ ഉണ്ടാകാതിരിക്കുവാൻ പരിശ്രമിക്കുക. അപരനെ സഹായിക്കുക എന്ന ഉദ്ദേശ്യത്തിൽ നിന്നും, നിങ്ങളുടെ വികാരങ്ങൾ നിങ്ങളെ അകറ്റി എന്നുവരാം. എല്ലാറ്റിനും ഉപരിയായി, ഒരിക്കലും കോപത്താലോ പ്രകോപനത്താലോ സ്വാധീനിക്കപ്പെടാൻ അനുവദിക്കരുത്.

6. നിങ്ങൾ ഉണ്ടാക്കുന്ന നിയോഗങ്ങൾക്ക് ഒരിക്കലും നിങ്ങളുടെ ഓർമ്മശ്ശക്തിയെ ആശ്രയിക്കരുത്. നിങ്ങൾ ചർച്ച ചെയ്ത സംഗതികളെക്കുറിച്ചും അടുത്ത നിയോഗത്തെക്കുറിച്ചെല്ലാം മീറ്റിംഗ് കഴിഞ്ഞാൽ ഉടൻ തന്നെ കുറിപ്പ് എഴുതി വെയ്ക്കുക.

7. നിങ്ങൾ കൗൺസിൽ ചെയ്യുന്ന വ്യക്തിയെ തന്റെ കഥ മുഴുവൻ പറയാൻ അനുവദിക്കുക. ഇത് നിങ്ങളെ വേഗത്തിലുള്ള ഉപസംഹാരത്തിൽനിന്നും രക്ഷിക്കുക മാത്രമല്ല ചെയ്യുന്നത്, ഇടയ്ക്കിടെയുള്ള തടസ്സങ്ങളിൽ നിന്നും, സമയം പാഴാക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നു.

8. മറ്റെ വ്യക്തിയുടെ സാഹചര്യവുമായി താതാത്മ്യം പ്രാപിക്കുവാൻ പരിശ്രമിക്കുക. അതിനായി നിങ്ങളാൽ കഴിയുന്നത് പരമാവധി ചെയ്യുക. ■

3-ാം പേജിൽ നിന്ന്

# ആത്മമാരിക്കായി ഹൂസ്റ്റൺ ഒരുങ്ങി

കേരളത്തിൽ നിന്നും ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽ നിന്നും നോർത്തമേരിക്കയിലേക്ക് കുടിയേറിയ ഐ.പി.സി.വിശ്വാസികൾ വിവിധ മലയാളി സഭകളിലും മലയാളികൾ ഇല്ലാത്തിടത്ത് ഇംഗ്ലീഷ് ചർച്ചുകളിലും കൂടി വരുന്നു. ഇവരെല്ലാവരും രണ്ടുവർഷം കൂടുമ്പോൾ തമ്മിൽ കാണുന്നതിനും പരിചയം പുതുക്കുന്നതിനും ആത്മാവിൽ ദൈവത്തെ ആരാധിക്കുന്നതിനും അപ്പം നുറുക്കുന്നതിനും ലഭിക്കുന്ന അവസരവും വേദിയുമാണ് ഹൂസ്റ്റണിൽ നടക്കുന്ന ഐ.പി.സി.ഫാമിലി കോൺഫ്രൻസ്.

സമ്പൽസമൃദ്ധിയുടെ നാട്ടിലെ തിരക്കേറിയ ജീവിതത്തിൽ ആവശ്യങ്ങളിൽ സഹായവുമായി ഓടിയെത്തുന്ന നമ്മുടെ സഹോദര സ്നേഹം പ്രശംസനീയമാണ്. അതു പോലെ ആത്മീക വർദ്ധനവും ഐക്യവും മുൻനിർത്തി കാലാകാലങ്ങളിൽ നടന്നു വരുന്ന ഐ.പി.സി.കുടുംബസംഗമങ്ങളും പ്രാധാന്യമേറിയതാണ്.

ദേശീയ-പ്രാദേശിക തലങ്ങളിൽ കമ്മറ്റികൾ സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് വേണ്ടി ഊർജ്ജസ്വലരായി പ്രവർത്തിക്കുന്നു. 2006-ലെ ചിക്കാഗോ കോൺഫ്രൻസിന്റെ തീരുമാനപ്രകാരം രണ്ടുവർഷത്തിലൊരിക്കൽ മാത്രമാണ് ഇപ്പോൾ കോൺഫ്രൻസ് ക്രമീകരിച്ചിരിക്കുന്നത്. ഇനി മുതൽ എല്ലാ വർഷവും ഐ.പി.സി.കോൺഫ്രൻസ് നടക്കും.

വടക്കേ അമേരിക്കയിലുള്ള എല്ലാ ഐ.പി.സി.സഭകളും നമ്മുടെ ബൃഹത്തായ കുടുംബത്തിന്റെ ആത്മീക ഒത്തുചേരലിൽ എല്ലാ നിലയിലും പൂർണ്ണമായി സംബന്ധിക്കുന്നു. വചനപരിജ്ഞാനവും ആത്മനിറവുമുള്ള സ്വദേശിയരും വിദേശിയരുമായ അനുഗ്രഹീതരായ ദൈവഭൃത്യന്മാരുടെ വചനഘോഷണം ഐ.പി.സി.യുടെ കുടുംബസംഗമത്തിന്റെ പ്രത്യേകതയായിരിക്കും.







